# ഗവ.എൽ.പി.എസ്.കാവാലം

## അക്കാദമിക് മാസ്റ്റർ പ്ലാൻ – 2025



### ദശദളം : ശതഗുണം

( പത്തു മേഖലകളിലായി നൂറു ലക്ഷ്യങ്ങൾ )

# ഗവ.എൽ.പി.എസ്.കാവാലം
# 'ദശദളം : ശതഗുണം'
## വിദ്യാലയവികസനപദ്ധതി- മാസ്റ്റർ പ്ലാൻ 2023- 24

### ദർശനം

1.വിദ്യാലയപ്രവേശം ഒരു ക്ലാസിന് 20 എന്ന തോതിൽ ഉയർത്തുക.

2.സ്കൂൾ നിലനിൽക്കുന്ന വാർഡിലെ 80 % കുട്ടികളെയും ഉൾക്കൊള്ളും വിധം വിദ്യാലയത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുക.

3.ഗുണമേന്മയുള്ള വിദ്യാഭ്യാസം പകരുന്ന വിഭവകേന്ദ്രമായി വിദ്യാലയത്തെ മികവുറ്റതാക്കുക.

4.മാതൃഭാഷാപഠനത്തിനൊപ്പം ഇംഗ്ലീഷ് ഭാഷയും പ്രാവീണ്യത്തോടെ കൈകാര്യം ചെയ്യാൻ കുട്ടികൾക്ക് ശേഷി സൃഷ്ടിക്കുന്ന ബോധനശൈലി സ്വീകരിച്ച് പുതിയ മാതൃക അവതരിപ്പിക്കുക.

5.കുട്ടികളുടെ സമഗ്രവളർച്ചയ്ക്കുതകുന്ന പരിശീലനവും കൈത്താങ്ങും പ്രോത്സാഹനവും വിദ്യാലയവളപ്പിൽ ലഭ്യമാക്കുക വഴി സാമൂഹികഗുണങ്ങളുള്ള മെച്ചപ്പെട്ട പൗരന്മാരെ സൃഷ്ടിക്കുക.

6. ഗുണമേന്മയുടെ യഥാർത്ഥമാതൃകകൾ സൃഷ്ടിച്ച് പൊതുസമൂഹത്തിന് പൊതുവിദ്യാലയത്തോടുള്ള സമീപനത്തിലും മനോഭാവത്തിലും ഗുണപരമായ മാറ്റങ്ങൾ സൃഷ്ടിക്കുക.

7. ഓരോ പഠിതാവിന്റെയും സൂക്ഷ്മതലമികവുകൾ ചെറുപ്പത്തിലേ കണ്ടെത്തി പ്രോത്സാഹനവും പരിപോഷണവും നൽകുന്ന വിധമുള്ള ഇടപെടലുകൾ നടത്തുക

8. അക്കാദമികപുരോഗതിക്ക് തുല്യമായ പ്രാധാന്യത്തോടെ വികാസശേഷികളും ബഹുമുഖബുദ്ധിശക്തിയും വ്യക്തിത്വമികവുകളും വൈകാരികബുദ്ധിയും വളർത്തുക.

9. 'സന്തോഷവിദ്യാലയം' എന്ന സങ്കൽപത്തെ പ്രയോഗവത്കരിച്ച് ഓരോ കുട്ടിക്കും ഏറ്റം മികച്ച സന്തോഷാനുഭവങ്ങളും പിന്തുണയും നൽകുന്ന ഇടമായി വിദ്യാലയത്തെ പരിവർത്തിപ്പിക്കുക.

### അവസ്ഥാവിശകലനം

1.കുട്ടികളുടെ എണ്ണം 103 ( മുൻകൊല്ലം 115 ) – വളർച്ച (–11%) . വിദേശപഠനവും താമസം മാറലുമാണ് എണ്ണക്കുറവിന് മുഖ്യകാരണം.

2.മുന്നാക്ക സമുദായ കുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾ 8% – ൽ മാത്രം. എല്ലാ വിഭാഗത്തിന്റെയും ക്ലാസ് പ്രാതിനിധ്യം സമൂഹവിതരണത്തിനനുസരിച്ചല്ല.

3.. കൂടുതലും ദിവസവരുമാനക്കാരായ രക്ഷിതാക്കൾ . സ്ഥിരവരുമാനജോലിയുള്ള രക്ഷിതാക്കൾ 5% – ൽ കുറവ് .

4.ഭൗതികസൗകര്യങ്ങളിലെ പുരോഗതി രക്ഷിതാക്കളെയും കുട്ടികളെയും ആകർഷിക്കുന്നുണ്ട് .

5.വിദ്യാലയപ്രവർത്തനങ്ങൾ സമൂഹത്തിലേക്ക് വേണ്ടവിധം വ്യാപിക്കപ്പെടുന്നില്ല. കൂടുതൽ പ്രവർത്തനം അനിവാര്യം .

6.സ്കൂളിന്റെ സമീപപ്രദേശത്തുനിന്നുപോലും മറ്റുവിദ്യാലയങ്ങളിലേക്കുണ്ടായിരുന്ന ഒഴുക്ക് കുറച്ചുകൊണ്ടുവരാനായിട്ടുണ്ട്.

7.തദ്ദേശഭരണസ്ഥാപനത്തിന്റെ പിന്തുണ മതിയായ വിധത്തിൽ ലഭ്യമാണ്.

8. ഡിജിറ്റൽ പഠനത്തിന്റെ സാധ്യതകൾ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ഉപയോഗിക്കേണ്ടതുണ്ട് .

9.എസ്.എം.സി.യുടെ പ്രവർത്തനം ശക്തിപ്പെടുമ്പോൾ വിദ്യാലയത്തിനെക്കുറിച്ചുള്ള പൊതുമനോഭാവത്തിലും ഗുണപരമായ മാറ്റങ്ങൾ സംഭവിക്കുന്നു.

10.വിദ്യാലയപിന്തുണാസമിതിയുടെ സാധ്യതകൾ പരമാവധി ഉപയോഗിക്കണം.

## കാഴ്ചപ്പാട് –വിദ്യാലയം മികവിന്റെ കേന്ദ്രം

1.എല്ലാ കുട്ടികളും മാതൃഭാഷയിലുള്ള എഴുത്തിലും വായനയിലും ശേഷി കൈവരിക്കുന്ന വിദ്യാലയം.

2.കലാ–കായിക–പ്രവൃത്തി പരിചയ മേഖലകളിലെ പരിശീലനം തുടർച്ചയിലും സമഗ്രതയിലും നൽകാൻ കഴിയുന്ന വിദ്യാലയം.

3.ഇംഗ്ലീഷ് ഭാഷ സ്വാഭാവികമായി കേൾക്കുന്നതിനും സ്വതന്ത്രമായി പ്രയോഗിക്കുന്നതിനും സാധ്യതകൾ തുറക്കുന്ന വിദ്യാലയം.

4.ഓരോ കുട്ടിയുടെയും വ്യത്യസ്തമാർന്ന കഴിവുകൾ കണ്ടെത്തി അവയ്ക്ക് ശരിയായ പോഷണവും വളർച്ചയും നൽകുന്ന വിദ്യാലയം.

5.അടിസ്ഥാന ഗണിതശേഷികളിൽ മികവും ചതുഷ്ക്രിയകളിൽ പ്രാവീണ്യവും നേടാൻ കുട്ടികളെ പ്രാപ്തരാക്കുന്ന വിദ്യാലയം.

6.ഒരു പ്രദേശത്തിന്റെ സാമൂഹ്യ വികാസത്തിന് വെളിച്ചമായും സാംസ്കാരികോന്നതിക്ക് തെളിച്ചമായും കേന്ദ്രസ്ഥാനത്ത് നിലകൊള്ളുന്ന വിദ്യാലയം.

7.ഓരോ രക്ഷിതാവിനും തന്റെ കുട്ടിയുടെ വളർച്ചയ്ക്കുതകുന്ന ഏറ്റവും മികച്ച പരിശീലനകേന്ദ്രമെന്ന് അഭിമാനിക്കാവുന്ന വിദ്യാലയം.

8.പഠനപ്രക്രിയയിലും ബോധനപ്രക്രിയയിലും നൂതനവും ആകർഷകവുമായ മാർഗങ്ങളവലംബിക്കുന്ന വിദ്യാലയം.

## പദ്ധതിരൂപീകരണപ്രക്രിയ

1.SRG യോഗങ്ങൾ – അക്കാദമിക ചർച്ചകൾ

2.SMC കൂടിയിരുപ്പുകൾ – നിർദ്ദേശങ്ങൾ

3.പരിശീലനവും പാഠ്യപദ്ധതി ഉള്ളടക്കവും – വിശകലനം

4.വിജയം കണ്ട മാതൃകകളുടെ പരിചയപ്പെടൽ

5.അക്കാദമികവിദഗ്ധരും വിദ്യാഭ്യാസ പ്രവർത്തകരും– സംവാദം

6.നവീനമാതൃകകൾ കണ്ടെത്തൽ

7.ആസൂത്രണയോഗങ്ങൾ

8.കർമപദ്ധതി കരട് രൂപരേഖ തയ്യാറാക്കൽ

9.പ്രതിമാസ കർമപരിപാടികൾ നിശ്ചയിക്കൽ

10. ആസൂത്രിതമായി നടപ്പിലാക്കലും വിശകലനവും

11.ഫലം വിലയിരുത്തൽ

## ലക്ഷ്യങ്ങൾ

ഈ അക്കാദമികവർഷത്തിൽ 'ദശദളം : ശതഗുണം' എന്ന പേരിൽ പത്തു ലക്ഷ്യമേഖലകളിലായി വികസനം, പുരോഗതി, ഗുണമേന്മ, അക്കാദമികമികവ് , ലഭ്യത, ഭൗതിക സൗകര്യം തുടങ്ങിവ മുൻനിർത്തിയുള്ള നൂറു ലക്ഷ്യങ്ങൾ നിശ്ചയിച്ച് അവ കൈവരിക്കാനാവശ്യമായ പ്രവർത്തനപദ്ധതി തയ്യാറാക്കി ആസൂത്രിതമായി നിർവഹിച്ച് വിദ്യാലയത്തിന്റെ മികവും ഗുണമേന്മയും വർധിപ്പിക്കാനുള്ള ആദ്യപടിയായാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത് .

താഴെപ്പറയുന്നവയാണ് പത്തു ലക്ഷ്യമേഖലകൾ

I. ഉപജില്ലാതലനേട്ടങ്ങൾ
II. അക്കാദമികപരിപോഷണം
III. അടിസ്ഥാനസൗകര്യവും ലഭ്യതയും
IV. ഗവേഷണപരിപാടികൾ
V. ക്ലബ് പ്രവർത്തനങ്ങൾ
VI. വികാസമണ്ഡലങ്ങളും ബഹുമുഖബുദ്ധിയും അവയുടെ ഭാഗമായ ശേഷികളും
VII. സമൂഹസമ്പർക്കപരിപാടികൾ
VIII. തനതുപരിപാടികൾ
IX. വിദ്യാലയസംവിധാനങ്ങൾ ശക്തിപ്പെടുത്തൽ
X. പഠനബോധനപ്രക്രിയയും അധ്യാപനതൊഴിൽവികാസവും

ഓരോ മേഖലയുമായും ബന്ധപ്പെട്ടു തയ്യാറാക്കിയ ലക്ഷ്യങ്ങൾ താഴെപ്പറയുന്നു.

### 1. ഉപജില്ലാതലനേട്ടങ്ങൾ

- 2024- എൽ.എസ്.എസ്. സ്കോളർഷിപ്പ് രണ്ടുപേർക്ക് നേടാൻ കഴിയുക
- ഉപജില്ലാകലോത്സവത്തിൽ നിലവിൽ പതിനാറാം സ്ഥാനം. അത് എട്ടാം സ്ഥാനമായി ഉയർത്തുക
- ഉപജില്ലാശാസ്ത്രമേളയിൽ പ്രവൃത്തിപരിചയമേളയിൽ നിലവിൽ പത്താം സ്ഥാനവും 33 പോയിന്റും . ഇത് വളരെ പിന്നാക്കാവസ്ഥയാണ്. ഇത് ആറാം സ്ഥാനവും അമ്പതുപോയിന്റുമായി ഉയർത്തണം.
- ഉപജില്ലാശാസ്ത്രമേളയിൽ ഗണിതശാസ്ത്രമേളയിൽ നിലവിൽ മൂന്നാം സ്ഥാനവും 26 പോയിന്റും . ഇത് മികച്ച നിലവാരമാണ്. ഇതേസ്ഥിതി നിലനിർത്തണം

- ഉപജില്ലാശാസ്ത്രമേളയിൽ  സാമൂഹ്യശാസ്ത്രമേളയിൽ നിലവിൽ ഒന്നാം സ്ഥാനവും 10 പോയിന്റും . ഇത്  മികച്ച നിലവാരമാണ്. ഇതേസ്ഥിതി നിലനിർത്തണം.
- ഉപജില്ലാശാസ്ത്രമേളയിൽ  ശാസ്ത്രമേളയിൽ നിലവിൽ ആറാം സ്ഥാനവും ഒമ്പതു പോയിന്റും . ഇത് നാലാം  സ്ഥാനവും  പന്ത്രണ്ട് പോയിന്റുമായി ഉയർത്തണം.
- ഉപജില്ലാ കായികമേളയിൽ അഞ്ചാം സ്ഥാനം നേടുക. ഒരു മത്സരത്തിലെങ്കിലും ഒന്നാം സ്ഥാനം കരസ്ഥമാക്കുക.
- ഉപജില്ലാകലോത്സവത്തിൽ കടങ്കഥാമത്സരത്തിൽ ആദ്യ മൂന്നുസ്ഥാനങ്ങളിലൊന്ന്
- ഉപജില്ലാ ഗണിതശാസ്ത്രക്വിസ് മത്സരത്തിൽ  ആദ്യ മൂന്നുസ്ഥാനങ്ങളിലൊന്ന്
- ഉപജില്ലാ സാമൂഹ്യശാസ്ത്രക്വിസ് മത്സരത്തിൽ  ആദ്യ മൂന്നുസ്ഥാനങ്ങളിലൊന്ന്
- ഉപജില്ലാതലവിദ്യാരംഗം സർഗോത്സവത്തിൽ ആദ്യ അഞ്ചു സ്ഥാനങ്ങളിലൊന്ന്
-

## 2. <u>അക്കാദമികപരിപോഷണം</u>

- മൂന്നുതവണയും  മിഡ് ടേം വിലയിരുത്തലുകൾ നടത്തുക.
- അഞ്ചു തവണ ക്ലാസ് പി.ടി.എ.കൾ സംഘടിപ്പിക്കുക.
- ക്ലാസ് പി.ടി.എ. കളിൽ നിരന്തരമൂല്യനിർണയഫലങ്ങൾ പങ്കുവയ്ക്കുക.
- ഓരോ ക്ലാസിലും ഓരോ കുട്ടിയുടെയും സമഗ്രവിലയിരുത്തൽരേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കുക
- വാർഷികപഠനോത്സവം മികച്ച രീതിയിൽ സംഘടിപ്പിക്കുക. ക്ലാസുമുറിശേഷികളുടെ സ്വഭാവികപ്രകടനവേദിയായി വികസിപ്പിക്കുക
- പകുതി എണ്ണം പാഠങ്ങൾക്കെങ്കിലും യൂണിറ്റ് ടെസ്റ്റുകൾ സംഘടിപ്പിക്കുക
- ഓരോ ക്ലാസിലെയും  20% കുട്ടികളെ A  ഗ്രേഡിലെത്തിക്കുക
- ഓരോ ക്ലാസിലെയും  75% കുട്ടികളെ A / B  ഗ്രേഡിലെത്തിക്കുകഓരോ ക്ലാസിലും ഓരോ വിഷയവുമായി ബന്ധപ്പെട്ടും ഒരു ടേമിൽ മൂന്ന് പോർട്ട്ഫോളിയോ ഉത്പന്നങ്ങളെങ്കിലും രൂപപ്പെടുന്നുവെന്ന് ഉറപ്പാക്കുക.
- ഓരോ ക്ലാസിലും ഓരോ വിഷയത്തിലെയും ഓരോ യൂണിറ്റുമായും ബന്ധപ്പെട്ട് പ്രധാനപഠനനേട്ടങ്ങളും അവയിൽ ഓരോ കുട്ടിയുടെയും നിലവാരഗ്രേഡും രേഖപ്പെടുത്തിയ ചാർട്ട് തയ്യാറാക്കി പ്രസിദ്ധീകരിക്കുക.

ക്ലാസ് അടിസ്ഥാനത്തിൽ ഏറ്റവും പ്രാധാന്യത്തോടെ പരിഗണിക്കുന്ന ചില ലക്ഷ്യങ്ങൾ താഴെ നൽകിയിരിക്കുന്നു.

### <u>നാലാം ക്ലാസ്</u>

- നാലാം ക്ലാസിലെ 80% കുട്ടികൾക്ക്    ബാലരമ നിലവാരത്തിലുള്ള മലയാളം ബാലസാഹിത്യകൃതികളിൽ നിന്ന് പുറമ്പരിശോധകൻ  തെരഞ്ഞെടുക്കുന്ന അനുയോജ്യനിലവാരത്തിലുള്ള  ഒരു കഥ 60% വായനാമികവോടെ വായിക്കാനുള്ള ശേഷി വികസിപ്പിക്കുക. ( ഓരോ കുട്ടിയുടെയും വായനക്ക് പരമാവധി 10 സ്കോർ നിശ്ചയിച്ച് പരിശോധിക്കുന്നു. കുട്ടികളുടെ എണ്ണം 10 എങ്കിൽ  100- ൽ 48  സ്കോർ ലഭിക്കണം. )
- നാലാം ക്ലാസിലെ കുട്ടികൾക്കായി നടത്തുന്ന  മലയാളം കേട്ടെഴുത്ത് പരീക്ഷയിൽ 50 % ശരാശരി സ്കോർ നേടാൻ കുട്ടികൾക്ക് കഴിയണം. ( കുട്ടികളുടെ ഭാഷാപരിചയത്തിലുള്ള ഇരുപത് മലയാളം വാക്കുകൾ. തെരഞ്ഞെടുക്കുന്നത് പുറമ്പരിശോധകൻ  . പങ്കെടുക്കുന്നത് പതിനേഴ് കുട്ടികളെങ്കിൽ 17 *20 * 50/100 = 170 ആകെ സ്കോർ ലഭിക്കണം )

- നാലാം ക്ലാസിലെ എല്ലാ കുട്ടികൾക്കും രണ്ട് നാലക്കസംഖ്യകളുടെ തുക കാണാൻ കഴിയുന്നു. (പുനഃക്രമീകരണം ഇല്ലാത്ത സാധ്യതകൾ )
- നാലാം ക്ലാസിലെ 70% കുട്ടികൾക്കും രണ്ട് നാലക്കസംഖ്യകളുടെ തുക കാണാൻ കഴിയുന്നു. (പുനഃക്രമീകരണം ഉൾപ്പെടുന്ന സാധ്യതകൾ )
- ഒരു നാലക്കസംഖ്യയെ വ്യത്യസ്തരീതിയിൽ വ്യാഖ്യാനിക്കാനുള്ള ശേഷി 60 % കുട്ടികൾ കൈവരിക്കുന്നു.
- നാലാം ക്ലാസിലെ 60 % കുട്ടികൾക്കും രണ്ട് നാലക്കസംഖ്യകളുടെ വ്യവകലനഫലം കണ്ടെത്താൻ കഴിയുന്നു. (പുനഃക്രമീകരണം ഉൾപ്പെടുന്ന സാധ്യതകൾ )
- നാലാം ക്ലാസിലെ 70% കുട്ടികൾക്കും രണ്ട് ഒരക്കസംഖ്യകളുടെ ഗുണനഫലം കണ്ടെത്താൻ കഴിയുന്നു.
- നാലാം ക്ലാസിലെ 50 % കുട്ടികൾക്കും ഒരു രണ്ടക്കസംഖ്യയുടെയും ഒരു ഒരക്കസംഖ്യസംഖ്യയുടെയും ഗുണനഫലം കണ്ടെത്താൻ കഴിയുന്നു.
- നാലാം ക്ലാസിലെ 70 % കുട്ടികൾക്ക് ഒരു രണ്ടക്ക സംഖ്യയെ ഒരു ഒരക്കസംഖ്യകൊണ്ട് ഹരിക്കാൻ കഴിയുന്നു.
- നാലാം ക്ലാസിലെ അറുപതുശതമാനം കുട്ടികൾക്ക് രണ്ടാം ക്ലാസിലെ ഇംഗ്ലീഷ് പാഠപുസ്തകത്തിലെ ഏതൊരു പാഠഭാഗവും അറുപതുശതമാനം മികവോടെ വായിക്കാനാകുന്നു.
- നാലാം ക്ലാസിലെ അമ്പതുശതമാനം കുട്ടികൾക്ക് ഒന്നാം ക്ലാസിലെ ഇംഗ്ലീഷ് പാഠപുസ്തകത്തിലെ ഏതെങ്കിലും രണ്ടുവാക്യങ്ങൾ അമ്പതുശതമാനം മികവോടെ എഴുതാനാകുന്നു.
- എല്ലാ പഠിതാക്കളും ശാസ്ത്രകൗതുകം വളർത്തുന്ന പത്തു പരീക്ഷണങ്ങൾ ക്ലാസുമുറിയിൽ നിർവഹിച്ച് പരീക്ഷണക്കുറിപ്പുകൾ കുട്ടികൾ സ്വയം തയ്യാറാക്കുന്നു.
- ശാസ്ത്രമാജിക്ക് ശിൽപശാല സംഘടിപ്പിച്ച് അനുയോജ്യമായ പരീക്ഷണസാമഗ്രികൾ വികസിപ്പിക്കുന്നു

## മൂന്നാം ക്ലാസ്

- മൂന്നാം ക്ലാസിലെ 80% കുട്ടികൾക്ക് കളിക്കുടുക്ക നിലവാരത്തിലുള്ള മലയാളം ബാലസാഹിത്യകൃതികളിൽ നിന്ന് പുറമ്പരിശോധകൻ തെരഞ്ഞെടുക്കുന്ന അനുയോജ്യനിലവാരത്തിലുള്ള ഒരു കഥ 60% വായനാമികവോടെ വായിക്കാനുള്ള ശേഷി വികസിപ്പിക്കുക. ( ഓരോ കുട്ടിയുടെയും വായനക്ക് പരമാവധി 10 സ്കോർ നിശ്ചയിച്ച് പരിശോധിക്കുന്നു. കുട്ടികളുടെ എണ്ണം 10 എങ്കിൽ 100- ൽ 48 സ്കോർ ലഭിക്കണം. )
- മൂന്നാം ക്ലാസിലെ കുട്ടികൾക്കായി നടത്തുന്ന മലയാളം കേട്ടെഴുത്ത് പരീക്ഷയിൽ 50 % ശരാശരി സ്കോർ നേടാൻ കുട്ടികൾക്ക് കഴിയണം. ( കുട്ടികളുടെ നിലവാരത്തിലും ഭാഷാപരിചയത്തിലുമുള്ള ഇരുപത് മലയാളം വാക്കുകൾ. തെരഞ്ഞെടുക്കുന്നത് പുറമ്പരിശോധകൻ . പങ്കെടുക്കുന്നത് പതിനേഴ് കുട്ടികളെങ്കിൽ 17 *20 * 50/100 = 170 ആകെ സ്കോർ ലഭിക്കണം )
- മൂന്നാം ക്ലാസിലെ എല്ലാ കുട്ടികൾക്കും രണ്ട് മൂന്നക്കസംഖ്യകളുടെ തുക കാണാൻ കഴിയുന്നു. (പുനഃക്രമീകരണം ഇല്ലാത്ത സാധ്യതകൾ )
- മൂന്നാം ക്ലാസിലെ 70% കുട്ടികൾക്കും രണ്ട് മൂന്നക്കസംഖ്യകളുടെ തുക കാണാൻ കഴിയുന്നു. (പുനഃക്രമീകരണം ഉൾപ്പെടുന്ന സാധ്യതകൾ )

- മൂന്നാം ക്ലാസിലെ 60 % കുട്ടികൾക്കുംരണ്ട് മൂന്നക്കസംഖ്യകളുടെ വ്യവകലനഫലം കണ്ടെത്താൻ കഴിയുന്നു. (പുനഃക്രമീകരണം ഉൾപ്പെടുന്ന സാധ്യതകൾ )
- മൂന്നാം ക്ലാസിലെ 70% കുട്ടികൾക്കും 2,5,10 എന്നീ സംഖ്യകളുടെ ഗുണിതങ്ങൾ പട്ടികാരൂപത്തിൽ പറയാനും എഴുതാനും കഴിയുന്നു.
- മൂന്നാം ക്ലാസിലെ അറുപതുശതമാനം കുട്ടികൾക്ക് രണ്ടാം ക്ലാസിലെ ഇംഗ്ലീഷ് പാഠപുസ്തകത്തിലെ ഏതൊരു പാഠഭാഗവും അറുപതുശതമാനം മികവോടെ വായിക്കാനാകുന്നു.
- വ്യക്തിശുചിത്വം, ആരോഗ്യസംരക്ഷണം, നല്ല ആഹാരശീലങ്ങൾ , ജലസംരക്ഷണം,വിവിധതരം തൊഴിലുകൾ എന്നിവയുമായി ബന്ധപ്പെട്ട ലഘുചോദ്യങ്ങളടങ്ങുന്ന മൂല്യനിർണയത്തിൽ ക്ലാസിലെ കുട്ടികളുടെ ശരാശരി സ്കോർ അറുപതുശതമാനത്തിലെത്തിക്കുക.

<u>രണ്ടാം ക്ലാസ്</u>

- രണ്ടാം ക്ലാസിലെ 70% കുട്ടികൾക്ക് കളിക്കുടുക്ക നിലവാരത്തിലുള്ള മലയാളം ബാലസാഹിത്യകൃതികളിൽ നിന്ന് പുറമ്പരിശോധകൻ തെരഞ്ഞെടുക്കുന്ന അനുയോജ്യനിലവാരത്തിലുള്ള ഒരു കഥ 60% വായനാമികവോടെ വായിക്കാനുള്ള ശേഷി വികസിപ്പിക്കുക. ( ഓരോ കുട്ടിയുടെയും വായനക്ക് പരമാവധി 10 സ്കോർ നിശ്ചയിച്ച് പരിശോധിക്കുന്നു. കുട്ടികളുടെ എണ്ണം 10 എങ്കിൽ 100- ൽ 42 സ്കോർ ലഭിക്കണം. )
- രണ്ടാം ക്ലാസിലെ കുട്ടികൾക്കായി നടത്തുന്ന മലയാളം കേട്ടെഴുത്ത് പരീക്ഷയിൽ 50 % ശരാശരി സ്കോർ നേടാൻ കുട്ടികൾക്ക് കഴിയണം. ( കുട്ടികളുടെ നിലവാരത്തിലും ഭാഷാപരിചയത്തിലുള്ള ഇരുപത് മലയാളം വാക്കുകൾ. തെരഞ്ഞെടുക്കുന്നത് പുറമ്പരിശോധകൻ . പങ്കെടുക്കുന്നത് പതിനേഴ് കുട്ടികളെങ്കിൽ 17 *20 * 50/100 = 170 ആകെ സ്കോർ ലഭിക്കണം )
- രണ്ടാം ക്ലാസിലെ എല്ലാ കുട്ടികൾക്കും രണ്ട് രണ്ടക്കസംഖ്യകളുടെ തുക കാണാൻ കഴിയുന്നു. (പുനഃക്രമീകരണം ഇല്ലാത്ത സാധ്യതകൾ )
- രണ്ടാം ക്ലാസിലെ 70% കുട്ടികൾക്കും രണ്ട് രണ്ടക്കസംഖ്യകളുടെ തുക കാണാൻ കഴിയുന്നു. (പുനഃക്രമീകരണം ഉൾപ്പെടുന്ന സാധ്യതകൾ )
- രണ്ടാം ക്ലാസിലെ 60 % കുട്ടികൾക്കുംരണ്ട് രണ്ടക്കസംഖ്യകളുടെ വ്യവകലനഫലം കണ്ടെത്താൻ കഴിയുന്നു. (പുനഃക്രമീകരണം ഉൾപ്പെടുന്ന സാധ്യതകൾ )
- രണ്ടാം ക്ലാസിലെ 70% കുട്ടികൾക്കും 2,10 എന്നീ സംഖ്യകളുടെ ഗുണിതങ്ങൾ പട്ടികാരൂപത്തിൽ പറയാനും എഴുതാനും കഴിയുന്നു.
- രണ്ടാം ക്ലാസിലെ അറുപതുശതമാനം കുട്ടികൾക്ക് ഒന്നാം ക്ലാസിലെ ഇംഗ്ലീഷ് പാഠപുസ്തകത്തിലെ ഏതൊരു പാഠഭാഗവും അറുപതുശതമാനം മികവോടെ വായിക്കാനാകുന്നു.
- രണ്ടാം ക്ലാസിലെ 60% കുട്ടികൾക്ക് ഒരു രണ്ടക്കസംഖ്യയെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കാനാകുന്നു.
- വ്യക്തിശുചിത്വം, ആരോഗ്യസംരക്ഷണം, നല്ല ആഹാരശീലങ്ങൾ , ജലസംരക്ഷണം,വിവിധതരം തൊഴിലുകൾ എന്നിവയുമായി ബന്ധപ്പെട്ട ലഘുചോദ്യങ്ങളടങ്ങുന്ന മൂല്യനിർണയത്തിൽ ക്ലാസിലെ കുട്ടികളുടെ ശരാശരി സ്കോർ അറുപതുശതമാനത്തിലെത്തിക്കുക.

<u>ഒന്നാം ക്ലാസ്</u>

- ഒന്നാം ക്ലാസിലെ 70 % കുട്ടികൾക്ക്  അ മുതൽ അം വരെയുള്ള സ്വരങ്ങൾ തിരിച്ചറിയാനാകുന്നു. ശരിയായി ഉച്ചരിക്കുന്നു. വഴക്കത്തോടെ എഴുതാൻ കഴിയുന്നു.
- ഒന്നാം ക്ലാസിലെ 60 % കുട്ടികൾക്ക്  ക മുതൽ ഹ വരെയുള്ള വ്യഞ്ജനങ്ങൾ തിരിച്ചറിയാനാകുന്നു. ശരിയായി ഉച്ചരിക്കുന്നു. വഴക്കത്തോടെ എഴുതാൻ കഴിയുന്നു.
- 60 % പേർക്ക് തന്റെ ഭാഷാനുഭവത്തിലുള്ളതും മൂന്ന് അക്ഷരങ്ങൾ വരെ ദൈർഘ്യമുള്ളതുമായ മലയാളപദങ്ങൾ വായിക്കാനാകുന്നു. തെറ്റു കൂടാതെ എഴുതാനുമാകുന്നു.
- 40 %  പേർക്ക് മൂന്നു പദങ്ങൾ വരെ ഉൾപ്പെടുന്ന ലളിതമായ മലയാളവാക്യങ്ങൾ വായിക്കാനാകുന്നു. 60% കൃത്യതയോടെ എഴുതാനാകുന്നു.
- തങ്ങളുടെ മാതൃഭാഷാപുസ്തകത്തിലെ നിശ്ചിതപാഠഭാഗം  60% മികവിൽ  60% പേർക്ക് വായിക്കാനാകുന്നു.
- 80 % പഠിതാക്കളും a മുതൽ z വരെയുള്ള ഇംഗ്ലീഷ് അക്ഷരങ്ങൾ തിരിച്ചറിയുന്നു. ശരിയായി ഉച്ചരിക്കുന്നു. വഴക്കത്തോടെ എഴുതുന്നു.
- 60 % പേർ മൂന്ന് ലെറ്ററുകൾ വരെ നീളമുള്ളതും പാഠഭാഗത്തിൽ ഉൾപ്പെട്ടതുമായ ഇരുപത് ഇംഗ്ലീഷ് പദങ്ങൾ  വായിക്കാൻ ശേഷി നേടുന്നു.
- 70 % കുട്ടികൾ 1 മുതൽ  20 വരെയുള്ള സംഖ്യകളെ വ്യത്യസ്തരീതിയിൽ വ്യാഖ്യാനിക്കുന്നു.
- എല്ലാ കുട്ടികളും രണ്ട് ഒരക്കസംഖ്യകൾ ഉൾപ്പെട്ട സങ്കലനപ്രശ്നങ്ങൾക്ക്  ഉത്തരം കണ്ടെത്തുന്നു
- ഒരു ഒരക്കസംഖ്യയും ഒരു രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലനത്തിന് 60 % പേർക്ക് കഴിയുന്നു.
- എല്ലാവരും ഒരു ഒരക്കസംഖ്യയിൽ നിന്ന് മറ്റൊരു ഒരക്കസംഖ്യയെ കുറച്ച് ഉത്തരം കണ്ടെത്തുന്നു.
- ഒരു രണ്ടക്കസംഖ്യയിൽ നിന്ന് ഒരു ഒരക്കസംഖ്യ കുറച്ച് ഉത്തരം കണ്ടെത്താൻ 60 % പേർക്ക് കഴിയുന്നു.
- കുടുംബം, ആരോഗ്യം, ശുചിത്വം, ജലം , ഉത്സവം, ആഘോഷം , പൊതുസ്ഥാപനം, പാർപ്പിടം. തൊഴിൽ ഇവയുമായി ബന്ധപ്പെട്ട അടിസ്ഥാനആശയങ്ങളിൽ ധാരണ നേടുന്നു.

## എൽ.കെ.ജി.- യു.കെ.ജി

പ്രീ- പ്രൈമറി മേഖലയ്ക്ക് നിഷ്കർഷിതപാഠ്യപദ്ധതി അനിവാര്യമായതിനാൽ വിശദമായ പാഠ്യപദ്ധതി ഉള്ളടക്കം തന്നെ വിദ്യാലയം തയ്യാറാക്കിയിരിക്കുന്നു.

പ്രീ - പ്രൈമറി വിഭാഗത്തിലെ കുട്ടികൾ നേടേണ്ട ഉള്ളടക്കപരമായ അറിവു സംബന്ധിച്ച ലക്ഷ്യങ്ങളാണ് പഠനനേട്ടങ്ങൾ എന്ന ആദ്യവിഭാഗത്തിലുള്ളത്. ഈ കുട്ടികൾ നേടേണ്ട പ്രയോഗപരമായ കഴിവുകളും നൈപുണികളുമാണ് ശേഷികൾ എന്ന രണ്ടാം വിഭാഗത്തിലുള്ളത്.

## I.പഠനനേട്ടങ്ങൾ ( Learning Outcomes)

### 1.ഗണിത-യുക്തിപരശേഷികൾ

1. ഒരു ചെറിയ കൂട്ടം വസ്തുക്കളിൽ ഏറ്റവും വലുത് , ഏറ്റവും ചെറുത് എന്നിവ തിരിച്ചറിയാൻ കഴിയുന്നു.

2. ഒരു ചെറിയ കൂട്ടം വസ്തുക്കളിൽ ഏറ്റവും അടുത്തുള്ളത് , ഏറ്റവും അകലെയുള്ളത് എന്നിവ തിരിച്ചറിയാൻ കഴിയുന്നു.
3. ഒരു ചെറിയ കൂട്ടം വസ്തുക്കളിൽ ഏറ്റവും നീളമുള്ളത് , ഏറ്റവും നീളം കുറഞ്ഞത് എന്നിവ തിരിച്ചറിയാൻ കഴിയുന്നു
4. ഒരു ചെറിയ കൂട്ടം വസ്തുക്കളിൽ ഏറ്റവും ഉയരമുള്ളത് , ഏറ്റവും ഉയരം കുറഞ്ഞത് എന്നിവ തിരിച്ചറിയാൻ കഴിയുന്നു.
5. ഒരു ചെറിയ കൂട്ടം വസ്തുക്കളിൽ ഏറ്റവും വണ്ണമുള്ളത് , ഏറ്റവും വണ്ണം കുറഞ്ഞത് എന്നിവ തിരിച്ചറിയാൻ കഴിയുന്നു.
6. രണ്ടു കൂട്ടങ്ങളിൽ കൂടുതലുള്ളത് , കുറവായത് എന്നിവ തിരിച്ചറിയാൻ കഴിയുന്നു.
7. രണ്ടു വസ്തുക്കൾ തമ്മിലുള്ള സാമ്യങ്ങളും വ്യത്യാസങ്ങളും തിരിച്ചറിയുന്നു
8. വസ്തുക്കളെ ഒന്നുമുതൽ അഞ്ചുവരെ എണ്ണിയെടുക്കാൻ കഴിയുന്നു
9. രണ്ടു കൂട്ടങ്ങളുടെ തുകയായി അഞ്ചുവരെയുള്ള സംഖ്യകൾ എണ്ണിപ്പറയാൻ കഴിയുന്നു.
10. അഞ്ചിൽ നിന്ന് നിശ്ചിത എണ്ണം വസ്തുക്കൾ എടുത്തുമാറ്റി ശേഷിക്കുന്നത് എത്രയെന്ന് തിട്ടപ്പെടുത്താൻ കഴിയുന്നു.
11. ഒന്നുമുതൽ അഞ്ചുവരെയുള്ള എണ്ണത്തിന് സംഖ്യ ഉപയോഗിച്ച് പ്രതിനിധാനം ചെയ്യുന്നു.
12. ഒന്നുമുതൽ അഞ്ചുവരെയുള്ള തൊട്ടടുത്ത സംഖ്യ, തൊട്ടു മുമ്പിലുള്ള സംഖ്യ എന്നിവ തിരിച്ചറിയുന്നു.
13. ഒരു കൂട്ടത്തിൽ ഉൾപ്പെടാത്തവയെ യുക്തിപരമായി കണ്ടെത്തുന്നു.
14. ഒരു കൂട്ടത്തിൽ ഒരേ പോലുള്ളവയെ തിരിച്ചറിയുന്നു.
15. ജിഗ്സോ പസിലുകൾ പൂർത്തീകരിക്കുന്നു.
16. ചുറ്റുപാടുമുള്ള വസ്തുക്കളെ പരന്നത് ,ഉരുണ്ടത് , നീളത്തിലുള്ളത് , വട്ടത്തിലുള്ളത് എന്നിങ്ങനെ തിരിച്ചറിയുന്നു
17. ഗണിതപാറ്റേണുകൾ തിരിച്ചറിയുന്നു, സൗന്ദര്യാത്മകമായി ക്രമീകരിക്കുന്നു, കണ്ടെത്തുന്നു

## 2.ഭാഷ- മലയാളം

1.താഴെപ്പറയുന്ന ബാലകഥകൾ കേട്ടാസ്വദിക്കുന്നു. അവയെ ആസ്പദമാക്കിയ ചോദ്യങ്ങൾക്ക് ഉത്തരം പറയുന്നു.

- ആമയും മുയലും -ഓട്ടമത്സരം
- വിറകുവെട്ടുകാരനും വനദേവതയും
- പൊന്മുട്ടയിടുന്ന താറാവ്
- തൊപ്പിക്കാരനും കുരങ്ങന്മാരും
- കുരങ്ങനും മുതലയും
- മണ്ണാങ്കട്ടയും കരിയിലയും
- ദാഹിച്ചുവലഞ്ഞ കാക്ക
- കിട്ടാത്ത മുന്തിരി പുളിക്കും
- കാക്കയെ പറ്റിച്ച കുറുക്കൻ

2. ഇവയിൽ താഴെപ്പറയുന്ന കഥകൾ സ്വന്തം ഭാഷയിൽ അവതരിപ്പിക്കുന്നു.
   - ആമയും മുയലും
   - പൊന്മുട്ടയിടുന്ന താറാവ്
   - തൊപ്പിക്കാരനും കുരങ്ങനും
   - കുരങ്ങനും മുതലയും

- ദാഹിച്ചുവലഞ്ഞ കാക്ക

3. കേട്ടാസ്വദിച്ച കഥകളിലെ കഥാപാത്രങ്ങളായി അഭിനയിക്കുന്നു. കഥയിലെ സംഭവങ്ങൾ അവതരിപ്പിക്കുന്നു. റോൾ- പ്ലേ നടത്തുന്നു.

4.കണ്ടും കേട്ടും മനസിലാക്കിയ സംഭവങ്ങൾ , അനുഭവങ്ങൾ എന്നിവ മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നു.

5. എട്ടിൽ കുറഞ്ഞ വരികളുള്ളതും ഒരു വരിയിൽ നാലുപദങ്ങളിൽക്കവിയാത്തതും താളാത്മകവും ശബ്ദാവർത്തനസാധ്യതയുള്ളതുമായ പത്തു ബാലകവിതകൾ കേട്ടും ടീച്ചറോടൊത്ത് പാടിയും ആസ്വദിക്കുന്നു. അവയെ ആസ്പദമാക്കിയ ചോദ്യങ്ങൾക്കുത്തരം പറയുന്നു .

പൂച്ച നല്ല പൂച്ച
മീശക്കാരൻ പൂച്ച
സൂത്രക്കാരൻ പൂച്ച
അമ്മയില്ലാനേരം
അടുക്കളയിലെത്തി
പാലുവച്ച പാത്രം
നക്കിനക്കിക്കുടിച്ചു
വൃത്തിയാക്കി വച്ചു

5. മലയാളം അക്ഷരമാലയിലെ അ മുതൽ അം വരെയുള്ള അക്ഷരങ്ങൾ തിരിച്ചറിയുന്നു. വഴക്കത്തോടെ എഴുതാൻ പരിശീലിക്കുന്നു.

6. ചിത്രത്തെ ആസ്പദമാക്കി കഥകൾ മെനഞ്ഞ് സ്വന്തം വാക്കുകളിൽ അവതരിപ്പിക്കാൻ കഴിയുന്നു.

7. പാവകളി സങ്കേതത്തിലൂടെ കഥകളുടെ ദൃശ്യാവിഷ്കാരം ആസ്വദിക്കുന്നു.

8 അഞ്ച് ആംഗ്യപ്പാട്ടുകൾ കേട്ടാസ്വദിക്കുന്നു. അംഗചലനങ്ങൾ ഉപയോഗിച്ച് അവതരിപ്പിക്കുന്നു.

9. ലളിതമായ കടങ്കഥകൾ പരിചയപ്പെടുന്നു. ഉത്തരം മനസിലാക്കുന്നു.

- പപ്പടം
- കിണർ
- നക്ഷത്രം
- ചൂൽ
- തീപ്പെട്ടി
- മത്തൻ

## <u>3.ഭാഷ – ഇംഗ്ലീഷ്</u>

1. ഇംഗ്ലീഷ് ഭാഷയിലെ പത്തു റൈമുകൾ കേട്ടാസ്വദിക്കുകയും ടീച്ചറോടൊത്ത് പാടുകയും താളാത്മകശരീരചലനങ്ങളിലേർപ്പെടുകയും ചെയ്യുന്നു.
2. ഇംഗ്ലീഷിൽ പത്തു ബാലകഥകൾ കേട്ടാസ്വദിക്കുന്നു. ലഘുവായ ചോദ്യങ്ങൾക്കുത്തരം പറയുന്നു.
3. a മുതൽ z വരെയുള്ള ഇംഗ്ലീഷ് അക്ഷരങ്ങൾ (ക്യാപിറ്റൽ , സ്മാൾ ) തിരിച്ചറിയുന്നു. ഉച്ചരിക്കുന്നു. എഴുതാൻ പരിശീലിക്കുന്നു. അവയുൾപ്പെടുന്ന ലളിതമായ പദങ്ങൾ ഉച്ചരിച്ച് പരിചയപ്പെടുന്നു.
4. ഇംഗ്ലീഷ് ഭാഷയിൽ നൽകുന്ന ലളിതമായ നിർദ്ദേശങ്ങൾ മനസിലാക്കി പ്രതികരിക്കുന്നു
    - *open your book*
    - *stand up*

- *close your text*
- *come here*
- *raise your hands*
- *Clap your hands*
- *Show your hand*
- *stamp your feet*
- *turn around*
- *sit down*

5. ഉച്ചാരണസാദൃശ്യമുള്ളതും മൂന്നക്ഷരങ്ങൾ ചേർത്തുനിർമിക്കുന്നതുമായ വാക്കുകൾ ഉച്ചരിക്കുന്നു. അവയുടെ സ്പെല്ലിംഗ് തിരിച്ചറിയുന്നു. കാണാതെ എഴുതാൻ കഴിയുന്നു.

- *bat, cat, rat, mat*
- *Fan, Man, Van*
- *Tap, Cap, MapJet, Net, Pet, Bet*
- *Tin, Pin, Bin,*

6. ഇരുപത് നിത്യോപയോഗമലയാളപദങ്ങളുടെ തത്തുല്യ ഇംഗ്ലീഷ് പദങ്ങൾ പരിചയപ്പെടുന്നു.

   *Pen, text, chair, table, room, Bed, Jug, Pin, House, Father, Mother, Brother , Sister, Cat, Rat, Umbrella, box, toilet* *തുടങ്ങിയവ*

7. *A book, A pen , A box* തുടങ്ങിയ ശൈലിയിൽ പദങ്ങൾ പരിചയപ്പെടുന്നു.

## 4. പരിസരപഠനവും പൊതുവിജ്ഞാനവും

1. അച്ഛൻ, അമ്മ, മുത്തച്ഛൻ, മുത്തശ്ശി, ചേട്ടൻ, ചേച്ചി, അനുജൻ, അനുജത്തി തുടങ്ങിയ കുടുംബബന്ധങ്ങൾ തിരിച്ചറിയുന്നു. അതത് ബന്ധങ്ങളിലുള്ളവരുടെ പേരുകൾ പറയുന്നു. സ്വന്തം കുടുംബത്തെ വിവരിക്കുന്നു.
2. കണ്ണ് , മൂക്ക്, നാവ്, ചെവി, തല, മുടി, നഖം, കയ്യ് , കാല് , വിരലുകൾ , ചുണ്ട് , താടി, കവിൾ , പല്ല് തുടങ്ങിയ ശരീരാവയവയങ്ങൾ തിരിച്ചറിയുന്നു.
3. താഴെപ്പറയുന്ന ശുചിത്വശീലങ്ങളിൽ ധാരണ നേടുന്നു.
   - കുളിക്കണം
   - നഖങ്ങൾ വൃത്തിയാക്കണം
   - ദിവസവും പല്ലുതേക്കണ
   - വൃത്തിയുള്ള വസ്ത്രം ധരിക്കണം
   - ടോയ് ലറ്റ് ഉപയോഗിച്ചതിനുശേഷം കൈകൾ സോപ്പുപയോഗിച്ച് കഴുകണം

4. താഴെപ്പറയുന്ന ആഹാരശീലങ്ങളിൽ ധാരണ നേടുന്നു

- ആഹാരത്തിനുമുമ്പും പിമ്പും കൈകൾ കഴുകി വൃത്തിയാക്കണം
- തുറന്നുവച്ച ആഹാരം കഴിക്കരുത്
- പഴകിയ ആഹാരം കഴിക്കരുത്
- വീട്ടിലുണ്ടാക്കുന്ന ആഹാരമാണ് കടയിൽനിന്നുവാങ്ങുന്നതിനേക്കാൾ മികച്ചത്
- പാക്കറ്റിൽ ലഭിക്കുന്ന ആഹാരസാധനങ്ങൾ ആരോഗ്യത്തിന് നല്ലതല്ല.
- എല്ലാത്തരം ആഹാരവും ശീലമാക്കണം

5. വിവിധതരം വാഹനങ്ങളെക്കുറിച്ച് ധാരണ നേടുന്നു

- കരയിൽ സഞ്ചരിക്കുന്നവ – സൈക്കിൾ , ബൈക്ക്, സ്ക്കൂട്ടർ, ഓട്ടോറിക്ഷ, കാർ , ബസ്

- ട്രയിൻ
- വെള്ളത്തിൽ സഞ്ചരിക്കുന്നവ – വള്ളം , ബോട്ട് , കപ്പൽ
- വായുവിൽ സഞ്ചരിക്കുന്നവ – ഹെലികോപ്റ്റർ, വിമാനം, റോക്കറ്റ്

6. വിവിധതരം തൊഴിലുകളെക്കുറിച്ച് ധാരണ നേടുന്നു
    - പൊലീസ്
    - ഡോക്ടർ
    - നഴ്സ്
    - കൃഷി
    - തയ്യൽ
    - കച്ചവടം
    - പോസ്റ്റ് മാൻ
    - ഡ്രൈവർ
    - തടിപ്പണിക്കാരൻ
    -

7. നമ്മുടെ നാട്ടിൽ ലഭ്യമായ പഴങ്ങൾ തിരിച്ചറിയുന്നു
    - മാങ്ങ
    - ആപ്പിൾ
    - ഓറഞ്ച്
    - പേര
    - കൈതച്ചക്ക
    - പപ്പായ
    - മുന്തിരി
    - മാതളനാരങ്ങ
    - തണ്ണിമത്തൻ

8. നമ്മുടെ നാട്ടിൽ വളരുന്ന പച്ചക്കറികൾ തിരിച്ചറിയുന്നു.
    - മത്തൻ
    - വെള്ളരി
    - മുരിങ്ങ
    - വെണ്ട
    - പയർ
    - കുമ്പളം
    - ബീറ്റ് റൂട്ട്
    - വഴുതനങ്ങ
    - തക്കാളി
    - പാവൽ
    - പടവലം
    - കാരറ്റ്
    - കാബേജ്

9. നമുക്ക് ചുറ്റും കൂടുതലായി കാണപ്പെടുന്ന മരങ്ങളും ചെടികളും തിരിച്ചറിയുന്നു.
    - മാവ്
    - പേര
    - ആൽ
    - തെങ്ങ്
    - കമുക്

- വാഴ
- തുളസി
- തുമ്പ
- മുക്കുറ്റി
- റോസ്
- ചെമ്പരത്തി
- ചെത്തി
- മുല്ല

10. ആഹാരവിഭവങ്ങൾ
- ദോശ
- ഉപ്പുമാവ്
- പൊറോട്ട
- ചപ്പാത്തി
- പുട്ട്
- ഉണ്ട
- ഇഡ്ഡലി
- ഇടിയപ്പം
- അട
- സാമ്പാർ
- അവിയൽ
- രസം
- ചമ്മന്തി
- പപ്പടം
- മോര്

11 . നമുക്ക് ചുറ്റുമുള്ള  പൂക്കൾ തിരിച്ചറിയുന്നു
- മുല്ല
- താമര
- റോസ്
- ചെത്തി
- ചെമ്പരത്തി
- സൂര്യകാന്തി
- പത്തുമണി

12. പ്രധാന നിറങ്ങൾ തിരിച്ചറിയുന്നു. പ്രകൃതിയിലുള്ള വിവിധ വസ്തുക്കളുടെ നിറം സംബന്ധിച്ച ധാരണ നേടുന്നു.
- കറുപ്പ്
- പച്ച
- മഞ്ഞ
- നീല
- ചുവപ്പ്
- ഓറഞ്ച്
- റോസ്
- വയലറ്റ്

13. നമ്മുടെ നാട്ടിലെ പ്രധാന ഉത്സവങ്ങളും ദിനാചരണങ്ങളും  സംബന്ധിച്ച ധാരണ രൂപീകരിക്കുന്നു.

- ഓണം
- വിഷു
- ക്രിസ്തുമസ്
- ദീപാവലി
- ഗാന്ധിജയന്തി
- ശിശുദിനം
- സ്വാതന്ത്ര്യദിനം
- റിപ്പബ്ലിക് ദിനം

14. നമുക്ക് ചുറ്റുമുള്ള ജീവികളെ തിരിച്ചറിയുന്നു. അവയെ വീട്ടിൽ വളർത്തുന്നവ , കാട്ടിൽ വളരുന്നവ എന്നിങ്ങനെ വേർതിരിച്ചു മനസിലാക്കുന്നു.

വീട്ടിൽ

- പൂച്ച
- പട്ടി
- ആട്
- പശു
- കോഴി
- താറാവ്

കാട്ടിൽ

- സിംഹം
- കടുവ
- പുലി
- കരടി
- കുറുക്കൻ
- ജിറാഫ്
- മാൻ

അരുമകൾ

- തത്ത
- കോഴി
- ലവ് ബേർഡ്സ്
- പൂച്ച
- മീൻ
- മുയൽ
- അണ്ണാൻ
- നായ
- പശു
- ആട്
- താറാവ്

16. വെള്ളത്തിൽ ജീവിക്കുന്ന ജീവികളെ പരിചയപ്പെടുന്നു.

- മീൻ
- പാമ്പ്
- മുതല
- ആമ
- ഞണ്ട്

17. ചുറ്റുപാടുമുള്ള ഏതാനും പക്ഷികളെ തിരിച്ചറിയുന്നു.

- തത്ത
- കാക്ക
- കുരുവി
- മൂങ്ങ
- പരുന്ത്
- മയിൽ
- കോഴി

18. സാധാരണമായുപയോഗിക്കുന്ന പണിസാമഗ്രികൾ പരിചയപ്പെടുന്നു.
    - ചുറ്റിക
    - കോടാലി
    - വെട്ടുകത്തി
    - തൂമ്പ
    - പാര
    - തേങ്ങാപ്പാര
    - പിച്ചാത്തി
19. മഴ , വേനൽ, തണുപ്പ്, മഞ്ഞ് തുടങ്ങിയ കാലാവസ്ഥാനുഭവങ്ങൾ സംബന്ധിച്ച് ആശയം രൂപീകരിക്കുന്നു.

20. വീടിനകത്തെ വിവിധ മുറികളും അവയുടെ ഉപയോഗവും പറയാൻ കഴിയുന്നു.
    - അടുക്കള
    - കിടപ്പുമുറി
    - ടോയ് ലറ്റ്
    - ഭക്ഷണമുറി
21. ടോയ് ലറ്റ് ഉപയോഗവുമായി ബന്ധപ്പെട്ട ധാരണകൾ രൂപീകരിക്കുന്നു
    - കൈകൾ സോപ്പുപയോഗിച്ച് കഴുകുന്നത്
    - ടോയ് ലറ്റിൽ മാത്രം മലമൂത്രവിസർജനം നടത്തുന്നത്
    - ടോയ് ലറ്റിൽ വെള്ളത്തിന്റെ ഉപയോഗം

## II.ശേഷികൾ

താഴെപ്പറയുന്ന ആറു വികാസമണ്ഡലങ്ങളുമായി ബന്ധിപ്പിച്ച് വിവിധ വികാസശേഷികൾ നിശ്ചയിച്ചിരിക്കുന്നു.

## വികാസമണ്ഡലങ്ങൾ ( Developmental domains)

i. ശാരീരികചാലകവികാസം (Psychomotor development)
ii. ഭാഷാവികാസം (Language development )
iii. വൈജ്ഞാനികവികാസം (Cognitive Development)
iv. സാമൂഹ്യ-വൈകാരിക വികാസം (Socio- Emotional development)
v.സർഗാത്മക-സൗന്ദര്യാത്മകവികാസം(Creative Aesthetic development)
vi. സാന്മാർഗികവികാസം (Moral development)

i.ശാരീരിക-ചാലകവികാസശേഷികൾ

- ശരീരത്തിലെ പേശികൾ ഉപയോഗപ്പെടുത്തി സ്വതന്ത്രമായ പ്രവർത്തനങ്ങളിലേർ പ്പെടുന്നു.
- പാചകവുമായി ബന്ധപ്പെട്ട ഉപകരണങ്ങളും ആഹാരവസ്തുക്കളും ഉപയോഗിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളിലേർപ്പെടുന്നു
- കൈവിരൽ, പെൻസിൽ, ക്രയോൺ, സ്കെച്ച് പെൻ എന്നിവയുപയോഗിച്ച് ചിത്രങ്ങൾ വരയ്ക്കുന്നു
- കടലാസ് , തുണി തുടങ്ങിയവ നിശ്ചിതരീതിയിൽ മടക്കാനും മുറിക്കാനും ഒട്ടിക്കാനും കഴിയുന്നു
- കത്രിക ഉപയോഗിച്ച് മുറിക്കുന്നു
- ചുറ്റുപാടുമുള്ള വസ്തുക്കൾ ഉപയോഗിച്ച് നിർമാണപ്രവർത്തനങ്ങൾ നടത്തുന്നു
- താളാത്മകമായി ശരീരഭാഗങ്ങൾ യഥേഷ്ടം ചലിപ്പിക്കാൻ കഴിയുന്നു
- സാഹചര്യങ്ങൾക്കനുസരിച്ച് കുനിഞ്ഞും ഇഴഞ്ഞും ചരിഞ്ഞും മുട്ടുകുത്തി നടന്നും ഒതുക്കിയും വികസിപ്പിച്ചും ശരീരത്തെ ക്രമീകരിക്കാൻ കഴിയുന്നു
- പ്രാഗ് ലേഖനപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു
- വ്യത്യസ്തമാതൃകകളിൽ കുത്തുകളിലൂടെ പെൻസിൽ ചലിപ്പിച്ച് വരയ്ക്കാൻ കഴിയുന്നു.
- പുറംവരയായി തന്നിട്ടുള്ള ചിത്രത്തിന് ക്രയോണുകൾ ഉപയോഗിച്ച് അനുയോജ്യമായ നിറങ്ങൾ നൽകുന്നു ( നിയന്ത്രിതചിത്രംവര)
- വിവിധ ആശയങ്ങളുമായി ബന്ധപ്പെട്ട് സ്വതന്ത്രമായി ചിത്രരചന നടത്തുന്നു.
- മണൽത്തടത്തിൽ ചിത്രം രചിക്കുന്നു
- വിരൽച്ചിത്രങ്ങൾ തയ്യാറാക്കുന്നു.
- ഇലമൃഗശാല നിർമിക്കുന്നു.
- കടലാസുപൂക്കൾ നിർമിക്കുന്നു
- ബാഡ്ജ് നിർമിക്കുന്നു
- കടലാസുപതാക നിർമിക്കുന്നു
- പഞ്ഞി ഒട്ടിച്ച് വിവിധ മാതൃകകൾ നിർമിക്കുന്നു
- കടലാസുകൾ ഒട്ടിച്ചെടുത്ത് വിവിധ നിർമിതികൾ നടത്തുന്നു
- പെൻസിൽ സ്ക്രാപ്പ് ഉപയോഗിച്ച് വിവിധ നിർമിതികൾ നടത്തുന്നു
- പേപ്പറുകൾ മടക്കി വിവിധ ഒറിഗാമി മാതൃകകൾ നിർമിക്കുന്നു. ( കപ്പൽ ,വീട് , മീൻ ...)
- നിർദ്ദേശങ്ങൾക്കനുസൃതമായി ശരീരഭാഗങ്ങളെ ക്രമീകരിക്കാനും ചലിപ്പിക്കാനും കഴിയുന്നു.
- പ്രകൃതിയിൽനിന്നു ലഭിക്കുന്ന വിവിധ വസ്തുക്കൾ ഉപയോഗിച്ച് വിവിധ നിർ മാണപ്രവർത്തനങ്ങൾ നടത്തുന്നു
- സമമിതിചിത്രങ്ങളുടെ പൂർത്തിയാക്കിയ ആദ്യ പകുതി നോക്കി പൂർത്തിയാവാത്ത രണ്ടാം പകുതി വരയ്ക്കുന്നു.
- വഴി കാണിക്കാമോ? - പ്രഹേളികകൾ പൂർത്തീകരിക്കുന്നു.
- പാഴ് വസ്തുക്കൾ ഉപയോഗിച്ചുള്ള വിവിധ നിർമാണപ്രവർത്തനങ്ങളിലേർപ്പെടുന്നു.
- ഗ്ലാസ് പെയിന്റിംഗ് സാധ്യതകളുപയോഗിച്ചുള്ള ലളിതമായ പ്രവൃത്തികളേറ്റെടുക്കുന്നു.
- വിവിധതരം സംഘകളികളിൽ ഏർപ്പെടുന്നു.
  - ഇട്ടൂലി കളി
  - ആശാനും കുട്ടികളും

- മാണിക്ക്യചെമ്പഴുക്ക
- പന്തുകൈമാറ്റം
- ഓറഞ്ചു സാരി
- പൂ പറിക്കാൻ പോരുന്നോ
- ബ്ലോക്ക് ഗോപുരം നിർമാണം
- പേപ്പർ ഗ്ലാസ് കൊട്ടാരം
- ബിൽഡിംഗ് ബ്ലോക്ക് നിർമിതികൾ
- നാണയങ്ങൾ ഒന്നിനുമുകളിൽ ഒന്നായി അടുക്കൽ
- ആർട്ട് ക്ലേ ഉപയോഗിച്ചുള്ള നിർമിതികൾ
- പച്ചക്കറി പ്രിന്റിംഗ് രീതിയിൽ തുണികളിൽ വിവിധ ഡിസൈനുകൾ തയ്യാറാക്കുന്നു.

## ii.ഭാഷാ വികാസശേഷികൾ

- ചിത്രങ്ങൾ, വസ്തുക്കൾ , പ്രകൃതി എന്നിവ കണ്ട് ആശയങ്ങൾ വാചികമായി അവതരിപ്പിക്കുന്നു ( പ്രാഗ് വായന)
- വിവിധ ജീവിതാനുഭവങ്ങളുമായി ബന്ധപ്പെട്ട തന്റെ വ്യക്തിപരമായ അനുഭവങ്ങൾ പങ്കുവയ്ക്കുന്നു
- ഭാവം ഉൾക്കൊണ്ട് കഥകളും പാട്ടുകളും സംഭവങ്ങളും അവതരിപ്പിക്കുന്നു
- ചിത്രകഥകൾ നിരീക്ഷിച്ച് കഥ ഊഹിച്ച് പറയുന്നു
- കേട്ടതിന്റെ അടിസ്ഥാനത്തിൽ ചിത്രങ്ങളെ ക്രമപ്പെടുത്തുന്നു
- ചിത്രങ്ങൾ നിരീക്ഷിച്ച് വിശദാംശങ്ങളും കണ്ടെത്തലുകളും അവതരിപ്പിക്കുന്നു
- വൈവിധ്യമാർന്ന ജീവിതാനുഭവങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചോദിച്ചറിയുന്നു
- വിവിധ സന്ദർഭങ്ങളുമായി ബന്ധപ്പെട്ട സ്വന്തം നിരീക്ഷണങ്ങളും അഭിപ്രായങ്ങളും നിർദേശങ്ങളും പറയുന്നു
- മറ്റൊന്നായി താദാത്മ്യം പ്രാപിച്ച് പാവനാടകം, റോൾ പ്ലേ, ചമഞ്ഞുകളി എന്നിവയിൽ വാചികമായി പ്രകടനം നടത്തുന്നു

## iii.വൈജ്ഞാനികവികാസശേഷികൾ

- പഞ്ചേന്ദ്രിയങ്ങളെ പ്രയോജനപ്പെടുത്തി ചുറ്റുപാടുമുള്ളവയുടെ നിറം, വലുപ്പം, മണം, ചലനംശബ്ദം, ആകൃതി, മിനുസം രുചി തുടങ്ങിയ സവിശേഷകൾ സംബന്ധിച്ച നിരീക്ഷണങ്ങൾ നടത്തുന്നു.
- അനുഭവത്തിന്റെ അടിസ്ഥാനത്തിലുള്ള നിഗമനങ്ങൾ അവതരിപ്പിക്കുന്നു.
- ഒരു കൂട്ടത്തിൽ നിന്ന് ചിലതിനെ വേർതിരിക്കാനും വേർതിരിച്ചതിന്റെ യുക്തി വിശദീകരിക്കാനും കഴിയുന്നു.
- പൂർണമായ വസ്തുവും അതിന്റെ ഭാഗങ്ങളും തമ്മിലുള്ള ബന്ധം കണ്ടെത്തുന്നു . പൊരുത്തപ്പെടുത്തുന്നു (തുമ്പിക്കൈ- ആന )
- നിറം , ആകൃതി , വലുപ്പം, നീളം, തുടങ്ങി ഒന്നിലേറെ മാനദണ്ഡങ്ങൾ പരിഗണിച്ച് വസ്തുക്കളെ തരം തിരിക്കുന്നു.
- ഓർമപരിശോധനക്കളി

## iv. സാമൂഹ്യ–വൈകാരിക വികാസശേഷികൾ

- സ്വന്തം ആവശ്യങ്ങൾ പ്രായത്തിനനുസരിച്ച് സ്വന്തം നിലയിൽ ഏറ്റെടുക്കുന്നു
- കളിപ്പാട്ടം, ആഹാരം, സാമഗ്രികൾ തുടങ്ങിയവ മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നു ( സഹവർത്തിതമനോഭാവം )

- ഊഴം കാത്തിരിക്കുന്നു
- സംഘപ്രവർത്തനങ്ങളിലും കളികളിലും സഹകരണവും സഹവർത്തിത്വവും പ്രകടിപ്പിക്കുന്നു
- മറ്റുള്ളവരുടെ കഴിവുകൾ, നല്ല പ്രവൃത്തികൾ എന്നിവ കൈയടിച്ചു പ്രോത്സാഹിപ്പിക്കുന്നു
- സഹപാഠികളുമായി ആരോഗ്യകരമായ ബന്ധം രൂപീകരിക്കുന്നു, നിലനിർത്തുന്നു
- ആത്മവിശ്വാസത്തോടെ പെരുമാറുകയും വിവിധ പ്രകടനങ്ങൾ നടത്തുകയും ചെയ്യുന്നു.
- മുതിർന്നവരുമായി ബന്ധം സ്ഥാപിക്കാൻ കഴിയുന്നു
- സാഹചര്യത്തിനനുസൃതമായി പെരുമാറുന്നു
- ഉത്സവങ്ങളിലും ആഘോഷങ്ങളിലും പങ്കുചേരുന്നു, ആസ്വദിക്കുന്നു
- സസ്യങ്ങളെയും ജന്തുക്കളെയും സ്നേഹിക്കാനും പരിപാലിക്കാനും കഴിയുന്നു
- കൂട്ടുകൂടിയുള്ള കളികളിൽ ഏർപ്പെടുന്നു.
- പ്രവൃത്തികളിൽ കൃത്യനിഷ്ഠ പുലർത്തുന്നു
- പ്രവൃത്തികളിൽ ഉത്തരവാദിത്തബോധം പ്രകടിപ്പിക്കുന്നു
- പ്രവൃത്തികളിൽ സ്വാശ്രയത്വം പ്രകടിപ്പിക്കുന്നു

## V. സർഗാത്മക-സൗന്ദര്യാത്മകവികാസശേഷികൾ

- കൂട്ടപ്പാട്ട്, ചോദ്യോത്തരപ്പാട്ട്, വായ്ത്താരി, കഥാഗാനങ്ങൾ തുടങ്ങിയവ ആസ്വദിക്കുന്നു, പാടുന്നു
- കേട്ട പാട്ടുകൾ താളാത്മകമായി ആലപിക്കുന്നു
- പാട്ടുകളിൽ പദങ്ങളും വരികളും കൂട്ടിച്ചേർത്ത് പാടുന്നു
- വിവിധ സന്ദർഭങ്ങളിൽ പാട്ടു കേൾക്കാനിഷ്ടപ്പെടുന്നു. ഇഷ്ടപ്പെട്ടവ ആലപിക്കുന്നു
- ലഘുവായ സംഗീതോപകരണങ്ങൾ കൈകാര്യം ചെയ്യുന്നു
- കളിപ്പാട്ടങ്ങൾ നിർമിക്കുന്നു
- പാത്രങ്ങളിലും മറ്റുമടിച്ച് താളാത്മകമായി ശബ്ദമുണ്ടാക്കുന്നു
- കഥകൾ കേൾക്കുന്നു, ആസ്വദിക്കുന്നു
- കഥകൾ ഭാവം ഉൾക്കൊണ്ട് അവതരിപ്പിക്കുന്നു
- കഥകളിലെ കഥാപാത്രങ്ങളുടെ റോളുകൾ അഭിനയിക്കുന്നു
- ഒന്നിനെ മറ്റൊന്നായി സങ്കൽപിച്ച് ഭാവനയിൽ ആശയപ്രകാശനം നടത്തുന്നു
- പൊതുസദസുകളിൽ തന്റെ കലാശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കുന്നു.
- ചുറ്റുപാടുമുള്ളവയുടെ ശബ്ദം ,ചലനം തുടങ്ങിയവ അനുകരിക്കുന്നു
- പ്രകൃതിയെ ആസ്വദിക്കാനും ചിത്രീകരണത്തിലൂടെ പ്രകടിപ്പിക്കാനും കഴിയുന്നു
- ചിത്രകഥകൾ വായിച്ചുകേൾക്കുന്നതിനും ചിത്രങ്ങൾ ആസ്വദിക്കുന്നതിനും ആസ്വാദനം പറയുന്നതിനും കഴിയുന്നു
- പല വസ്തുക്കൾ ഉപയോഗിച്ച് പ്രിന്റിംഗ് , സ്പ്രേ വർക്ക് എന്നിവ ചെയ്യുന്നു
- ജലകേളികളിൽ ഏർപ്പെടുന്നു
- കളിപ്പാട്ടങ്ങളും കൗതുകവസ്തുക്കളും കൊളാഷ് പോലുള്ളവയും നിർമിക്കുന്നു
- ചിത്രങ്ങൾ , ഇലകൾ, തൂവലുകൾ തുടങ്ങിയവ ശേഖരിച്ച് ക്രമീകരിച്ചു സൂക്ഷിക്കുന്നു
- വിവിധ കലാരൂപങ്ങൾ നിരീക്ഷിക്കുന്നു. പരിശീലിക്കുന്നു. ആസ്വദിക്കുന്നു.
- ദ്വിമാന, ത്രിമാന നിർമിതികളിലൂടെ ആശയങ്ങൾ ആവിഷ്കരിക്കുന്നു.
- ഇലമൃഗശാല നിർമിക്കുന്നു
- ആർട്ട് ക്ലേ ഉപയോഗിച്ചുള്ള നിർമാണ പ്രവർത്തനങ്ങൾ
- ബിൽഡിംഗ് ബ്ലോക്കുകളുപയോഗിച്ചുള്ള നിർമാണങ്ങൾ
- പെൻസിൽ സ്ക്രാപ്പ് നിർമിതികൾ
- വിരൽ മഷിച്ചിത്രങ്ങൾ നിർമിക്കുന്നു
- തൂവലുകൾ, ചിത്രങ്ങൾ  തുടങ്ങിയ ശേഖരങ്ങൾ തയ്യാറാക്കുന്നു
-

vi. സാന്മാർഗികവികാസശേഷികൾ

- സത്യസന്ധതയുടെ പാഠങ്ങൾ ഉൾക്കൊള്ളുന്ന കഥകൾ ആസ്വദിക്കുന്നു.
- 'അഹങ്കാരം നന്നല്ല / വിനയം ഉയർച്ച സമ്മാനിക്കും ' – ആശയങ്ങൾ ഉൾ ക്കൊള്ളുന്ന കഥകൾ കേട്ടു മനസിലാക്കുന്നു
- കള്ളം പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്നത് നന്നല്ല എന്ന മനോഭാവം രൂപപ്പെടുത്താനുതകുന്ന കഥകൾ കേൾക്കുന്നു
- താഴെപ്പറയുന്ന മനോഭാവങ്ങളും ചിന്തകളും രൂപീകരിക്കുന്ന ക്ലാസുമുറി സാഹചര്യങ്ങൾ സൃഷ്ടിക്കുന്നു.
  - അത്യാഗ്രഹം ആപത്തു വിളിച്ചുവരുത്തും
  - എല്ലാവർക്കും കഴിവുകളുണ്ട് , ഓരോരുത്തരും കഴിവിൽ വ്യത്യസ്തരാണ്
  - സഹകരണമനോഭാവം
  - സഹവർത്തിത്വ മനോഭാവം
  - പങ്കുവയ്ക്കൽ മനോഭാവം
  - മറ്റുള്ളവർക്ക് അവസരം നൽകുന്ന മനോഭാവം
  - തോൽവിയെ അംഗീകരിക്കുന്നു.
  - എല്ലാവരും തുല്യരെന്ന ചിന്ത
  - വിജയിക്കാനുള്ള വീര്യം നിലനിർത്തുന്നു.
  - സഹാനുഭൂതി
  - ക്ഷമ
  - അധ്വാനത്തിന്റെ മഹിമ
  - അച്ചടക്കവും കൃത്യനിഷ്ഠയും
  - ഉത്തരവാദിത്തബോധം

## 3.അടിസ്ഥാനസൗകര്യവും ലഭ്യതയും

- സ്കൂളിന് പുതിയ ക്ലാസുമുറി ലഭിക്കുന്നതിനുള്ള സാധ്യതകൾ പഞ്ചായത്ത്, എസ്.എസ്.കെ. തുടങ്ങിയ ഏജൻസികളുമായി ബന്ധപ്പെട്ട് ആരായുക
- സ്കൂൾ വാട്ടർകണക്ഷണനുകളുടെ പ്ലമിംഗ് വർക്കുകളുടെ നവീകരണവും മെയിന്റനൻസും
- സ്കൂൾ ഇലക്ട്രിക്കൽ കണക്ഷനുകളുടെയും ഉപകരണങ്ങളുടെയും നവീകരണവും മെയിന്റനൻസും
- സ്കൂൾ ഫർണിച്ചറുകളുടെ മെയിന്റനൻസ് - അധികഫർണിച്ചറുകൾ ലഭ്യമാക്കൽ
- ടോയ് ലറ്റുകൾ - മെയിന്റനൻസ് - നവീകരണം
- ഒന്നും രണ്ടും ക്ലാസുകളിലേക്ക് ഡസ്കും ബഞ്ചും
- പ്രീ- പ്രൈമറി ക്ലാസുകളിലേക്ക് കളിയുപകരണങ്ങൾ - പന്ത് , ബാറ്റ് , സ്കിപ്പിംഗ് റോപ്പ്, ഡിസ്കുകൾ , റിംഗുകൾ , പായ, ബിൽഡിംഗ് ബ്ലോക്കുകൾ , കളിവാഹനങ്ങൾ , കളിപ്പാവകൾ
- സൗണ്ട് സിസ്റ്റം - പുതിയ രണ്ടു മൈക്ക്
- ടോയ് ലറ്റിലേക്ക് നടപ്പാത
- വാഷ് ടാപ്പ് കോർണറിലേക്ക് നടപ്പാത
- പൂർണസമയ ഇന്റർനെറ്റ് കണക്ടിവിറ്റി
- കംപ്യൂട്ടർ പ്രിന്റർ
- നാല് ലാപ്ടോപ്പുകൾ

- നിലവിൽ രണ്ട് സ്മാർട്ട് ക്ലാസ് റൂമുകൾ - മൂന്നാമതൊരു മുറി കൂടി സ്മാർട്ട് ക്ലാസ്റൂമാക്കൽ
-

## 4.ഗവേഷണം

- കുട്ടനാടൻ ഭാഷാനിഘണ്ടു നിർമാണം - പ്രകാശനം മാർച്ച് 31- ന്
- മലയാളം വായനാശേഷി വികസിപ്പിക്കൽ - ആക്ഷൻ റിസർച്ചും പ്രവർത്തനപദ്ധതിയും
- ഇംഗ്ലീഷ് വായനാശേഷി വികസിപ്പിക്കൽ - ആക്ഷൻ റിസർച്ചും പ്രവർത്തനപദ്ധതിയും
- ഗണിതം - നാലക്ക സംഖ്യകളുടെ സങ്കലനം- ശേഷി വർധിപ്പിക്കൽ - ആക്ഷൻ റിസർച്ച്
- ഗണിതം - നാലക്കസംഖ്യകൾ ഉൾപ്പെടുന്ന വ്യവകലനം - ശേഷി വർധിപ്പിക്കൽ - ആക്ഷൻ റിസർച്ച്
- ഇംഗ്ലീഷ് വ്യവഹാരരൂപങ്ങൾ - Picture Description , Conversation എന്നിവ മെച്ചപ്പെട്ട രീതിയിൽ തയ്യാറാക്കുന്നതിനുള്ള ശേഷി 3,4 ക്ലാസുകളിലെ കുട്ടികൾ കൈവരിക്കുന്നതിന് സ്കൂൾ തയ്യാറാക്കി നടപ്പിലാക്കുന്ന പ്രവർത്തനപദ്ധതി
- ഓരോ യൂണിറ്റിലെയും പഠനനേട്ടങ്ങൾ ആർജ്ജിക്കുന്നതു സംബന്ധിച്ച നിലവാരഗ്രേഡ് തത്സമയം തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നത് കുട്ടിയുടെ അക്കാദമികപുരോഗതിയിലും രക്ഷാകർത്താക്കളുടെ അക്കാദമിക ഇടപെടലിലും ഗുണപരമായി എപ്രകാരവും എത്രമാത്രവും പ്രതിഫലിക്കുന്നു ? - പഠനം

## 5. ക്ലബ് പ്രവർത്തനങ്ങൾ

- വിദ്യാരംഗം കലാസാഹിത്യവേദി - കലാപരിശീലനങ്ങളും പ്രവർത്തനങ്ങളും , കലോത്സവം, സർഗോത്സവം, ബാലസഭ, ഡാൻസ് ക്ലബ് , ടാലന്റ് ലാബ് , കയ്യെഴുത്ത് മാസിക, ദിനാചരണങ്ങൾ , ലൈബ്രറി , സ്കൂൾ പത്രം
- സാമൂഹ്യശാസ്ത്രക്ലബ് - ദിനാചരണങ്ങൾ , സമൂഹസമ്പർക്കപരിപാടികൾ , അഭിമുഖങ്ങൾ, അതിഥി ക്ലാസുകൾ ,ബോധവത്കരണ ക്ലാസുകൾ , സാമൂഹ്യശാസ്ത്രമേള , കുട്ടിപ്പോസ്റ്റോഫീസ് , കുട്ടിപ്പോലീസ് , സ്കൂൾ അസംബ്ലി
- ശാസ്ത്രക്ലബ് - ദിനാചരണങ്ങൾ , ശാസ്ത്രപരീക്ഷണങ്ങൾ , ശാസ്ത്രലാബ് , ശാസ്ത്രോത്സവം, നേച്ചർ ക്ലബ് , ജൈവവൈവിധ്യ പാർക്ക് , ശാസ്ത്ര മാജിക്കുകൾ , ഡോക്യുമെന്ററി പ്രദർശനം
- ഗണിതശാസ്ത്ര ക്ലബ് - ഗണിതശാസ്ത്രമേള, ഗണിതകേളികൾ, നിർമാണപ്രവർത്തനങ്ങൾ , കുട്ടിബാങ്ക് , സ്കൂൾ സ്റ്റോർ , കുസൃതിക്കണക്കുകൾ,
- ഇംഗ്ലീഷ് ക്ലബ് - വൊക്കാബുലറി ക്ലബ് , ഇംഗ്ലീഷ് സ്റ്റോറി ടൈം, ഇംഗ്ലീഷ് മാഗസിനുകൾ , ഇംഗ്ലീഷ് അസംബ്ലി , ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ , സ്പെല്ലിംഗ് കോണ്ടസ്റ്റ്
- ആരോഗ്യ- കായിക ക്ലബ് - കായികപരിശീലനം , കായികമേള, എക്സർസൈസുകൾ, ഗയിമുകൾ, കൃഷി ക്ലബ്, ആരോഗ്യപരിശോധന, ശുചിത്വപ്പോലീസ് ,
- പ്രവൃത്തിപരിചയക്ലബ് - പ്രവൃത്തിപരിചയമേള, നിർമാണപ്രവർത്തനങ്ങൾ, തൊഴിൽ പരിചയപരിപാടികൾ, സർഗാത്മകവിനോദങ്ങൾ , കരകൗശലവസ്തുനിർമാണം, പാഴ് വസ്തുക്കൾ ഉപയോഗിച്ചുള്ള നിർമാണങ്ങൾ, ഒറിഗാമി,
- ഐ.ടി. ക്ലബ് - ഐസിടി പരിശീലനം, ഐസിടി എനേബിൾഡ് ആക്ടിവിറ്റികൾ, ജികോമ്പ്രിസ് പരിശീലനം,

## 6. വികാസമണ്ഡലങ്ങളും ബഹുമുഖബുദ്ധിയും അവയുടെ ഭാഗമായ ശേഷികളും വികസിപ്പിക്കുന്ന പരിപാടികൾ

- അഭിപ്രേരണക്ലാസുകൾ
- വ്യക്തിത്വവികാസപരിശീലനങ്ങൾ
- പ്രതിഭകളോടൊത്ത് മുഖാമുഖം
- പരിശീലനക്യാംപുകൾ
- ബഹുമുഖബുദ്ധി വിലയിരുത്തൽ രേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കൽ
- വികാസമണ്ഡലങ്ങളുമായി ബന്ധപ്പെട്ട ശേഷികളുടെ വിലയിരുത്തൽ രേഖ തയ്യാറാക്കൽ

## 7. സമൂഹസമ്പർക്കപരിപാടികൾ

- അനുദിനവിവരങ്ങൾ പങ്കുവയ്ക്കാൻ സ്കൂൾ ബ്ലോഗ്
- നേട്ടങ്ങളും മികവുകളും സമൂഹവുമായി വിനിമയം ചെയ്യുന്ന ഫേസ്ബുക്ക് അക്കൗണ്ട്.
- പ്രതിമാസവാർത്താപത്രിക – വിദ്യാലയവാണി
- എസ്.എം.സി. വാട്സാപ്പ് കൂട്ടായ്മ
- ക്ലാസ് വാട്സാപ്പ് കൂട്ടായ്മ
- കയ്യെഴുത്ത് മാസിക
- യൂട്യൂബ് ചാനൽ
- രക്ഷിതാക്കളുടെ മാസിക

## 8.തനതുപരിപാടികൾ

- തലേമാസം അവസാനദിവസം പ്രസിദ്ധീകരിക്കുന്ന പ്രതിമാസപ്രവർത്തനക്കലണ്ടർ
- സ്കൂൾ പ്രവർത്തനങ്ങളെ ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങളുമായി ഉദ്ഗ്രഥിക്കൽ
- സ്കൂൾവാർത്താപത്രിക
- കുട്ടികളുടെ സമഗ്രവിലയിരുത്തൽ രേഖ – എല്ലാ ക്ലാസിലേക്കും ( അക്കാദമികം - വ്യക്തിത്വം - ബഹുമുഖബുദ്ധി- വൈകാരികബുദ്ധി- വികാസമേഖലകളിലെ ശേഷികൾ - മികവുകൾ - മെച്ചപ്പെടേണ്ടവ )
- കുട്ടിയുടെ ഓരോ ചെറിയ പ്രവർത്തനവും ഗുണാത്മകസ്കോർ ആയി പരിവർത്തിപ്പിച്ച് നിശ്ചിത ഇടവേളകളിൽ അംഗീകാരം
- ഓരോ കുട്ടിക്കും ഡിജിറ്റൽ പോർട്ട് ഫോളിയോ

## 9. വിദ്യാലയസംവിധാനങ്ങൾ ശക്തിപ്പെടുത്തൽ

- എസ്.ആർ.ജി. ഇരുപത് തവണയെങ്കിലും ആസൂത്രിതവും ക്രമീകൃതവുമായ വിധത്തിൽ സമ്മേളിക്കുക.
- എസ്. ആർ.ജി. യിൽ ആസൂത്രണം ചെയ്യുന്ന ഇരുപത് പരിപാടികൾ നടപ്പിലാക്കി വിശകലനവും അവലോകനവും നടത്തി ഫലപ്രാപ്തി പരിശോധിക്കുക.
- എസ്.എസ്. ജി. രൂപീകരണം -
- സ്കൂൾ പൂർവവിദ്യാർത്ഥി സംഘടന രൂപീകരണം
- മാതൃസംഗമം - ഒരോ ടേമിലും ഒരിക്കലെങ്കിലും സമ്മേളിക്കൽ
- എസ്.എം.സി . ഒരു ടേമിൽ രണ്ടു തവണയെങ്കിലും ആസൂത്രിതവും ക്രമീകൃതവുമായ വിധത്തിൽ സംഘടിപ്പിക്കൽ
- എസ്. എം.സി. തലത്തിൽ പത്തിനപരിപാടികൾ തയ്യാറാക്കി നടപ്പിലാക്കൽ
- ജാഗ്രതാസമിതി രൂപീകരണം -

## 10. പഠനബോധനപ്രക്രിയയും തൊഴിൽപരവികാസവും

- സമഗ്ര സോഫ്റ്റ്വെയർ അധിഷ്ഠിത ടീച്ചിംഗ് മാന്വൽ തയ്യാറാക്കുന്നു
- ഡിജിറ്റൽ സ്ക്രീൻ ബോർഡുകൾ - രണ്ടു ക്ലാസുമുറികളിൽ
- പൂർണമായും ഐ.സി.ടി. അധിഷ്ഠിത പഠനവിഭവങ്ങളും സാമഗ്രികളും
- ഫീൽഡ് ട്രിപ്
- അതിഥി ക്ലാസുകൾ
- അതിഥി മുഖാമുഖം
- ഓരോ കുട്ടിക്കും ഡിജിറ്റൽ പോർട്ട്ഫോളിയോ
- എസ്. ആർ.ജി. യെ അക്കാദമിക പങ്കുവയ്ക്കലിന്റെയും അക്കാദമികപിന്തുണയുടെയും അക്കാദമിക ഗവേഷണത്തിന്റെയും വേദിയായി പരിവർത്തിപ്പിക്കൽ
- ഓരോ കുട്ടിക്കും ഡിജിറ്റൽ സഞ്ചിതരേഖ
- ഇംഗ്ലീഷ് പഠനവുമായി ബന്ധപ്പെട്ട ക്ലാസുമുറിമികവുകൾ - എസ്.എം.സി. യിൽ തത്സമയ ടൈ ഔട്ട് വഴി പങ്കുവയ്ക്കൽ
- ഗണിതശേഷികളുമായ ബന്ധപ്പെട്ട മികവുകൾ - എസ്.എം.സി. യിൽ തത്സമയ ടൈ ഔട്ട് വഴി പങ്കുവയ്ക്കൽ

### മികവ് വർദ്ധിപ്പിക്കാൻ ഏറ്റെടുക്കുന്ന പ്രവർത്തനമേഖലകൾ

1.സ്കൂൾ അസംബ്ലി

2. ജൈവവൈവിധ്യ ഉദ്യാനം

3.അടിസ്ഥാനശേഷിവികാസം

4.ഇംഗ്ലീഷ് പഠനം

5.ദിനാചരണങ്ങൾ

6.കായികവിദ്യാഭ്യാസം

7.കലാവിദ്യാഭ്യാസം

8.പ്രവൃത്തിപരിചയം

9.ബാലസഭ

10.ക്ലബ് പ്രവർത്തനങ്ങൾ

11.യൂണിറ്റ് ടെസ്റ്റുകൾ

12.ക്ലാസ് ലൈബ്രറി

13.നിരന്തരവിലയിരുത്തൽ

14.സമൂഹസമ്പർക്കപരിപാടികൾ

15. ഉച്ചഭക്ഷണപരിപാടി

16.ശുചിത്വം

17.ഭൗതികസൗകര്യം

18.വിദ്യാലയപിന്തുണാസമിതി (SSG)

19.ക്ലാസ് പി.ടി.എ.

20.വിദ്യാലയ മാനേജ്മെന്റ് സമിതി (SMC)

21.പഠനോപകരണങ്ങൾ

22.സ്കൂൾ വിഭവ സംഘം (SRG)

23.ഗവേഷണപ്രവർത്തനങ്ങൾ

24.തനതുപരിപാടികൾ

25.പ്രാദേശികഭരണകൂടം

പദ്ധതി വിശദാംശങ്ങൾ

<u>(1). സ്കൂൾ അസംബ്ലി</u>

1.അസംബ്ലിക്ക് നിയതമായ ഘടന (കായികാഭ്യാസം, പുസ്തകപരിചയം,പത്രവാർത്ത,ചിന്താവിഷയം,രചനകളുടെ അവതരണം, മികവുകൾക്ക് അംഗീകാരം,വിദ്യാലയവാർത്ത, അസംബ്ലി ക്വിസ്, പതിപ്പ് പ്രകാശനം, പ്രകടനങ്ങളും അവതരണങ്ങളും, മാസ് ഡ്രിൽ മുതലായ ഇനങ്ങൾ)

1.ആഴ്ചയിലൊരിക്കൽ ഇംഗ്ലീഷ് അസംബ്ലി

2.അസംബ്ലി അംഗീകാരത്തിനുള്ളി വേദി

3.അസംബ്ലി ചുമതലാവിഭജനം

4. അസംബ്ലി ലൗഡ് സ്പീക്കറിലൂടെ

5.അസംബ്ലി പ്രവർത്തനങ്ങൾക്ക് സ്കോർ

6. അസംബ്ലി നടത്തിപ്പ് വിവിധ ഗ്രൂപ്പുകൾക്ക്

<u>(2). ജൈവവൈവിധ്യ ഉദ്യാനം</u>

1.സ്കൂൾ മുറ്റത്ത് ആകർഷകമായ പൂന്തോട്ടം

2.നിയതമായി വിന്യസിച്ച ഇലച്ചെടികൾ

3.ഗ്രൂപ്പുകൾക്ക് ചുമതല– മേൽനോട്ടം –വിഭജിച്ച് നൽകൽ

4.എന്റെ സ്കൂൾ മുറ്റത്ത് എനിക്ക് ഒരു ചെടി.

5.ശലഭങ്ങളെ ആകർഷിക്കുന്ന തരം ചെടികൾ

6.ഔഷധസസ്യങ്ങൾ

7.സ്കൂൾ മുറ്റത്ത് ചെറുകുളവും ചെറുമീനുകളും

8.പച്ചക്കറിത്തോട്ടം– പയർ, മത്തൻ, വെള്ളരി, കോവൽ , വെണ്ട ...

9.പച്ചക്കറിത്തോട്ടം – SMC – യുടെ പിന്തുണ ഉറപ്പാക്കൽ

10.കൃഷി – ഉദ്ഗ്രഥിത പഠനം

11.ജൈവവളപ്രയോഗം

12.കൃഷി ക്ലബ് പ്രവർത്തനങ്ങൾ – അഭിമുഖം

13.കൃഷി ഓഫീസ് സമ്പർക്കം പ്രയോജനപ്പെടുത്തൽ

(3). അടിസ്ഥാനശേഷിവികാസം

1. മൂന്ന്, നാല് ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും ഒഴുക്കോടെ മലയാളം വായിക്കാൻ കഴിയണം

2. നാലാം ക്ലാസിലെ എല്ലാ കുട്ടികൾക്കും അവരുടെ ഇംഗ്ലീഷ് പാഠഭാഗം വായിക്കാനാവണം

3. മൂന്നാം ക്ലാസിലെ എല്ലാ കുട്ടികൾക്കും ഇംഗ്ലീഷിലെ 50 ലഘു വാക്കുകളെങ്കിലും വായിക്കാനും എഴുതാനും കഴിയണം

4. ഒന്ന് , രണ്ട് ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും ലഘു മലയാള വാക്യങ്ങൾ വായിക്കാൻ കഴിയണം

5. രണ്ടാം ക്ലാസ് പൂർത്തിയാക്കുന്ന ഒരു കുട്ടി 25 ഇംഗ്ലീഷ് വാക്കുകളെങ്കിലും തിരിച്ചറിയാനും 15 വാക്കുകളെങ്കിലും എഴുതാനും പ്രാപ്തി

6. ഉദ്ഗ്രഥിതപഠനത്തിനു ശേഷം കുട്ടിക്ക് 20 വരെയുള്ള സംഖ്യകളുൾപ്പെടുന്ന പ്രായോഗികപ്രശ്നം പരിഹരിക്കാൻ കഴിയണം.

7. നാലാം ക്ലാസ് പൂർത്തിയാക്കുന്ന ഒരു കുട്ടി 1 മുതൽ 10 വരെയുള്ള സംഖ്യകളുടെ പെരുക്കം, ഹരണം എന്നിവയുൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയണം.

8.അടിസ്ഥാന പ്രക്രിയാശേഷികളായ നിരീക്ഷണം, വർഗീകരണം , സാമാന്യവത്കരണം എന്നിവയിൽ കുട്ടി പ്രാപ്തി നേടിയിരിക്കണം.

(4). ഇംഗ്ലീഷ് പഠനം

1.ഇംഗ്ലീഷ് ബാലമാസികകൾ വായനമൂലയിൽ ലഭ്യമാക്കുന്നു.

2.ഇംഗ്ലീഷ് അസംബ്ലി

3.റോൾ പ്ലേ/കോറിയോഗ്രഫി സാധ്യതകൾ

4.പാവനാടകം

5.Let's Talk- Chat time

6.ഇംഗ്ലീഷ് കാർട്ടൂണുകൾ

7.ഇംഗ്ലീഷ് മാഗസിനുകൾ ക്ലാസ് അടിസ്ഥാനത്തിൽ

8.ഇംഗ്ലീഷ് കളികളിലൂടെ

9.ഇംഗ്ലീഷ് പത്രം

10.നാടകീകരണം-യൂണിറ്റ് തീമുകൾ

11.സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ

(5). ദിനാചരണങ്ങൾ

1.ഒരു മാസത്തിൽ കുറഞ്ഞത് ഒന്ന് എന്ന തോതിൽ ദിനാചരണം സംഘടിപ്പിക്കൽ

2.ദിനാചരണങ്ങളെ പഠനവുമായി ബന്ധിപ്പിക്കൽ

3.ദിനാചരണം മുൻകൂട്ടി നിശ്ചയിച്ച് ആസൂത്രണം നിർവഹിക്കൽ

4.ക്ലബ്ബുകൾക്ക് ചുമതല വിഭജിച്ച് നൽകൽ

5.അധ്യാപകർക്ക് ചുമതല വിഭജിച്ച് നൽകൽ

6.പ്രാദേശിക ക്ഷണിതാക്കളെ ഉൾപ്പെടുത്തൽ

7.അഭിമുഖം/സംവാദം

8.ദിനാചരണങ്ങളിലൂടെ പഠനോത്പന്നങ്ങൾ

9.വീഡിയോ/ പവർപോയിന്റ് പ്രസന്റേഷനുകൾ

10.രക്ഷിതാക്കളുടെ പങ്കാളിത്തം ഉപയോഗിക്കൽ

11.മാധ്യമങ്ങളുടെ സഹായത്തോടെ റിപ്പോർട്ടിംഗ്

12.സ്കൂൾ ബ്ലോഗ് റിപ്പോർട്ടിംഗ്

(6). കായികവിദ്യാഭ്യാസം

1.അസംബ്ലിയിലെ കായികാഭ്യാസം ആകർഷകവും വൈവിധ്യകരവുമാക്കൽ

2.എല്ലാ ബുധനാഴ്ചകളിലും കായിക പരിശീലനം /(കളിനേരം)

3.മാസ് ഡ്രിൽ പരിശീലനം

4.സബ് ജില്ലാ കായികമേളയ്ക്കുള്ള പ്രത്യേക പരിശീലനം.

5.കളിയുപകരണങ്ങൾ കൂടുതൽ ലഭ്യമാക്കൽ ( ക്രിക്കറ്റ് ,ഫുട്ബോൾ,ബാഡ്മിന്റൺ,സ്കിപ്പിംഗ്..)

6.ലഘുവ്യായാമമുറകളിൽ പരിശീലനം

7.കളരി പരിശീലനം

8.കുട്ടികളുടെ ആരോഗ്യ ക്ഷമതാ സൂചകങ്ങൾ തയ്യാറാക്കൽ

9.പ്രാദേശികവൈദഗ്ധ്യം പ്രയോജനപ്പെടുത്തൽ

(7). കലാവിദ്യാഭ്യാസം

1.ബാലസഭയുടെ പ്രവർത്തനം ശക്തിപ്പെടുത്തൽ

2.വരക്കൂട്ടം – ചിത്രരചനാഭിരുചി വളർത്താൻ

3.പാട്ടുകൂട്ടം – പാടാൻ പ്രാവീണ്യമുള്ളവരുടെ മികവുയർത്താൻ

4.നാടൻ പാട്ട് പരിശീലനം

5.പ്രാദേശികവൈദഗ്ധ്യം പ്രയോജനപ്പെടുത്തൽ

6.നാടകക്കൂട്ടം – അഭിനയക്കളരി

7.ഗ്രൂപ്പുതല കലാമത്സരങ്ങൾ

8.സബ് ജില്ലാ കലാമേളയ്ക്കുള്ള പ്രത്യേക പരിശീലനം.

9.പ്രസംഗക്കളരി– പ്രസംഗപരിശീലന വേദി

10.എഴുത്തുകൂട്ടം– സാഹിത്യാഭിരുചി കണ്ടെത്താനും വളർത്താനും

(8). പ്രവൃത്തിപരിചയം

1.പ്രാദേശിക വിദഗ്ധരെ ഉപയോഗിച്ചുള്ള പരിശീലനം

2.പ്രവൃത്തിപരിചയ പാഠ്യപദ്ധതി സമയബന്ധിതമായി പിന്തുടരൽ

3.സ്കൂൾതല പ്രവൃത്തിപരിചയമേള

4.കരകൗശലവിദ്യകളിൽ പരിശീലനം

5.പേപ്പർ ക്രാഫ്റ്റ്/ ഒറിഗാമി പരിശീലനം

6.ചെലവുശൂന്യ നിർമിതികൾ

7.സ്കൂൾ പച്ചക്കറിത്തോട്ടം –കൃഷി

8.കൗതുകനിർമിതികളുടെ പ്രദർശനം

9.നാടൻ കളിപ്പാട്ടങ്ങൾ

10.കരകൗശല നിർമാണ ശിൽപശാല

11.അതിഥി ക്ലാസുകൾ

(9). ബാലസഭ

1.വെള്ളിയാഴ്ചകളിൽ സംഘടിപ്പിക്കണം

2. പഠനത്തിന്റെ ഭാഗമായി രൂപപ്പെട്ട പാട്ടുകൾ/നാടകം/സ്കിറ്റ് തുടങ്ങിയവയുടെ അവതരണം

3. തിങ്കളാഴ്ചകളിൽ തന്നെ അവതരണയിനങ്ങൾ തീരുമാനിക്കുന്നു.

4. ഗ്രൂപ്പുകൾ തമ്മിലുള്ള മത്സരങ്ങൾ– സ്കോർ/ സമ്മാനം

5. സംഘാടനവും കുട്ടികൾക്ക് – (വിദ്യാരംഗം)

(10). ക്ലബ് പ്രവർത്തനങ്ങൾ

1. വിദ്യാരംഗം, ശാസ്ത്രക്ലബ്,സാമൂഹ്യശാസ്ത്രക്ലബ്,ഗണിത ക്ലബ് ,കൃഷി ക്ലബ് എന്നിവ രൂപീകരിക്കണം

2. ക്ലബുകളുടെ പ്രവർത്തനം മാസാടിസ്ഥാനത്തിൽ മുൻകൂട്ടി ചിട്ടപ്പെടുത്തണം.

3. ചുമതല – ടീച്ചർ,ഗ്രൂപ്പ് ലീഡേഴ്സ്

4. പ്രതിമാസപ്രവർത്തനക്കലണ്ടറിൽ ക്ലബ് ആക്ടിവിറ്റികൾ ഉൾപ്പെടുത്തണം

5. ക്ലബ് പ്രവർത്തനങ്ങൾ പഠനനേട്ടങ്ങളുമായി ഉദ്ഗ്രഥിക്കണം

6. പ്രവർത്തന റിപ്പോർട്ടുകൾ – മാധ്യമങ്ങളിലേക്ക്/ സ്കൂൾ ബ്ലോഗ്

7. ഓരോ മാസവും ഒരു പ്രവർത്തനമെങ്കിലും ഓരോ ക്ലബും ഏറ്റെടുത്തിരിക്കണം.

8. ക്ലബ് പ്രവർത്തനക്കലണ്ടർ പ്രത്യേകം പ്രദർശിപ്പിക്കണം.

(11). യൂണിറ്റ് ടെസ്റ്റുകൾ

1. എല്ലാ ക്ലാസിലും ഓരോ യൂണിറ്റ് വിനിമയത്തിനു ശേഷവും യൂണിറ്റ് ടെസ്റ്റുകൾ നടത്തണം.

2. യൂണിറ്റ് ടെസ്റ്റിന് അച്ചടിച്ച ചോദ്യപേപ്പറുകൾ ഉപയോഗിക്കണം.

3. യൂണിറ്റ് ടെസ്റ്റുകൾക്ക് ശേഷം ക്ലാസ് പി.ടി.എ. ക്രമീകരിക്കണം.

4. യൂണിറ്റ് ടെസ്റ്റുകളുടെ സ്കോർ പ്രത്യേക രേഖയിൽ സൂക്ഷിക്കണം.

5. യൂണിറ്റ് ടെസ്റ്റുകളുടെ സ്കോർ നിരന്തരവിലയിരുത്തലിന് പരിഗണിക്കണം.